**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1729** **08-10-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യിലെ സാമ്പത്തിക പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. നേരിടുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി ജീവനക്കാരെ ലേ ഓഫ് ചെയ്യണമെന്ന ശിപാർശ ലഭിച്ചിട്ടുണ്ടോ; പ്രസ്തുത ശിപാർശയിൻമേൽ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ടെങ്കിൽ ആയത് വിശദമാക്കുമോ; | (എ) | കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികൾ കാരണം 2020 മാർച്ച് മാസം മുതൽ പൂർണ്ണമായും സർക്കാർ ധനസഹായത്തോട്ട കൂടിയാണ് കെ.എസ്.ആർ.ടി.സി ജീവനക്കാർക്ക് പ്രതിമാസ ശമ്പളം അനുവദിച്ച് വരുന്നത്. നിലവിലെ 26,000ഓളം ജീവനക്കാർക്ക് ഒരു മാസം പൂർണ്ണമായും (1500 രൂപ ഇടക്കാലാശ്വാസം ഉൾപ്പെടെ) ശമ്പളം അനുവദിക്കുന്നതിന് 84 കോടി രൂപ ആവശ്യമാണ്. 2021 ഓഗസ്റ്റ് മാസത്തിലെ വരുമാനം കോവിഡ് പ്രതിസന്ധി കാരണം 76.82 കോടി രൂപയിൽ താഴെയാണ്. ഇതിൽ ഇന്ധനയിനത്തിൽ മാത്രം 52.64 കോടി രൂപ (വരുമാനത്തിന്റെ 68.50%) ചെലവായി. കോവിഡ് പ്രതിസന്ധി കാരണം നിലവിൽ ഓപ്പറേറ്റ് ചെയ്യുന്ന ശരാശരി 3,300 സർവ്വീസുകളിൽ ഏകദേശം 40% നഷ്ടത്തിലാണ് ഓപ്പറേറ്റ് ചെയ്യുന്നത്. 2022 മാർച്ച് വരെ പരമാവധി 3800 സർവ്വീസുകൾ മാത്രമേ ഓപ്പറേറ്റ് ചെയ്യുവാൻ സാധിക്കുകയുള്ളൂ എന്ന് പ്രതീക്ഷിക്കുന്നു. 404-മത് ബോർഡ് ഓഫ് ഡയറക്ടർ യോഗതീരുമാന പ്രകാരം 5250 ബസുകൾക്ക് വേണ്ടുന്ന ജീവനക്കാരുടെ എണ്ണം ക്രമീകരിച്ചിട്ടുണ്ട്. നിലവിലെ സാഹചര്യത്തിൽ പ്രസ്തുത അനുപാതത്തിൽ 4250 ബസുകൾക്ക് പരമാവധി 20,468 ജീവനക്കാർ മതിയാകും. ആയതിനാൽ സജീവസേവനത്തിലുള്ള 7,500 ഓളം ജീവനക്കാർ നിലവിലെ അവസ്ഥയിൽ കൂടുതലാണ് എന്നത് വ്യക്തമാണ്. കോർപ്പറേഷന്റെ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാർക്കുപോലും ശമ്പളം നൽകുന്നതിന് കോർപ്പറേഷന്റെ വരുമാനത്തിൽ നിന്നും തുക കണ്ടെത്തുവാൻ കഴിയാത്ത സാഹചര്യത്തിൽ പൂർണ്ണമായ സർക്കാർ ധനസഹായമില്ലാതെ കോർപ്പറേഷന് മുന്നോട്ടുപോകുവാൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. ഈ സാഹചര്യം |

| | | | |
|---|---|---|---|
| | | | തരണംചെയ്യുന്നതിനായി lay-off അടക്കമുള്ള നടപടികൾ കോർപ്പറേഷൻ പരിശോധിച്ചുവരുന്നു. |
| (ബി) | ജീവനക്കാരെ ലേ ഓഫ് ചെയ്യുന്നതടക്കം ജീവനക്കാരുടെ ജീവനത്തെ ബാധിക്കുന്ന തീരുമാനങ്ങളിൽ നിന്ന് പിൻമാറുമോ; അറിയിക്കുമോ; | (ബി) | വരുമാനത്തിൽ നിന്നും ശമ്പളം അനുവദിക്കുന്നതിനുള്ള തുക പോലും കെ.എസ്.ആർ.ടി.സി.ക്ക് കണ്ടെത്താൻ കഴിയാത്തതും സാമ്പത്തിക പരിമിതികൾ കാരണം ശമ്പളം അനുവദിക്കുന്നതിനുള്ള തുക സർക്കാരിന് നൽകാൻ കഴിയാത്തതും ആയ സാഹചര്യത്തിലാണ് layoff നെ പറ്റി കോർപ്പറേഷന് ചിന്തിക്കേണ്ടിവന്നത്. കടുത്ത സാമ്പത്തിക പ്രതിസന്ധിതുടരുന്ന ഈ കാലയളവിൽ ലെ ഓഫ് പോലുള്ള നടപടികൾ സ്വീകരിക്കാതെ മുന്നോട്ട് പോകുവാൻ കോർപ്പറേഷന് കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത് ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (സി) | ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി സുരക്ഷാ ജീവനക്കാരെ ഒഴിവാക്കുന്നത് യാത്രക്കാരുടെ സുരക്ഷയെ ബാധിക്കുമെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വെളിപ്പെടുത്തുമോ; | (സി) | ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി സുരക്ഷാ ജീവനക്കാരെ ഒഴിവാക്കുന്നത് സംബന്ധിച്ച് നിലവിൽ തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല. |
| (ഡി) | കെ.എസ്.ആർ.ടി.സി. യുടെ നഷ്ടം നികത്തുന്നതിനും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോയെന്നും വിശദമാക്കുമോ? | (ഡി) | കെ.എസ്.ആർ.ടി.സി.യിൽ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി ജനോപകാരപ്രദമായ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. ഇതിന്റെ ഭാഗമായി താഴെ പറയുന്ന പദ്ധതികളാണ് വിജയകരമായി നടപ്പിലാക്കി വരുന്നത്. സമുദ്ര ബസ് പദ്ധതി :- മത്സ്യവിപണനത്തിനായി തീരദേശത്ത് നിന്നും വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും യാത്ര ചെയ്യുന്ന വനിതാ മത്സ്യ തൊഴിലാളികൾ നിലവിൽ അമിത ചാർജ് നൽകി ഓട്ടോ റിക്ഷകളെയാണ് ആശ്രയിക്കുന്നത്. രാവിലേയും, രാത്രിയിലും പല സ്ഥലങ്ങളിൽ നിന്നും യാത്ര ചെയ്യുന്ന ഇവർക്ക് ഓട്ടോറിക്ഷാക്കൂലി ഭാരമാകുന്നു എന്ന് മാത്രമല്ല രാത്രികാലങ്ങളിൽ തിരികെ പോകാൻ വാഹനം ലഭ്യമാകാത്ത സ്ഥിതിയും ഉണ്ട്. ഇതിന് പരിഹാരമെന്ന നിലയിൽ പ്രധാന മത്സ്യ വിപണന കേന്ദ്രങ്ങളിൽ നിന്നും തിരുവനന്തപുരം സിറ്റിയ്ക്കുള്ളിലെ വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും വനിതാ മത്സ്യതൊഴിലാളികളെ എത്തിക്കുന്നതിനായി പ്രത്യേക സംവിധാനങ്ങളോടുകൂടിയ പ്രത്യേക നിറത്തിലുള്ള 3 സ്പെഷ്യൽ ബസ്സുകൾ കെ.എസ്.ആർ.ടി.സി.യ്ക്ക് 67.5 ലക്ഷം രൂപ വാർഷിക ഗ്രാന്റ് ലഭ്യമാകുന്ന രീതിയിൽ ഫിഷറീസ് വകുപ്പിന് കരാർ വ്യവസ്ഥയിൽ നൽകി സർവ്വീസ് നടത്തിവരുന്നു. Fish on Wheels, |

Foodies on Wheels, Mobile Ration shop എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. വാടക അടിസ്ഥാനത്തിൽ ബസ്സുകൾ നൽകുന്നത് സംബന്ധിച്ച് (പ്രൈവറ്റ് ഹയർ) സർക്കാർ തലത്തിൽ സംഘടിപ്പിക്കുന്ന ആവശ്യങ്ങൾക്കും, വിവാഹം, വിനോദയാത്ര തുടങ്ങിയ ആവശ്യങ്ങൾക്കും ദൂരപരിധി, സമയം, യാത്രക്കാരുടെ എണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ നിയമാനുസൃതമായി നിശ്ചയിച്ചിരിക്കുന്ന നിരക്കുകൾ ഈടാക്കി ബസ്സുകൾ അനുവദിക്കുന്നുണ്ട്. നഗരപരിധിയിൽ വിനോദ സഞ്ചാരം, ഫോട്ടോ ഷൂട്ട് തുടങ്ങിയ ആവശ്യങ്ങൾക്കായി ഡബിൾ ഡക്കർ ബസ്സുകളും നൽകി വരുന്നുണ്ട്. ഇതു കൂടാതെ കേന്ദ്ര സർക്കാർ സ്ഥാപനമായ വി.എസ്.എസ്.സി.യ്ക്ക് കിലോമീറ്ററിന് 57/- രൂപ നിരക്ക് അടിസ്ഥാനത്തിൽ ദീർഘദൂര സർവ്വീസായി വാടകയ്ക്ക് നൽകി വരുന്നുണ്ട്. സ്കൂൾ Bond Service, Company Bond Service എന്നിവ ആരംഭിക്കുവാനുള്ള സന്നദ്ധത KSRTC ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ട്. വിവിധ ടൂർ പാക്കേജുകൾ കെ.എസ്.ആർ.ടി.സി.യുടെ വിവിധ ഡിപ്പോകളിൽ നിന്നും കേരളത്തിലെ വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് അവധി ദിവസങ്ങളിൽ യാത്രക്കാരുടെ എണ്ണം / ആവശ്യകത അനുസരിച്ച് (കുറഞ്ഞത് 40 യാത്രക്കാരെങ്കിലും ലഭ്യമാകുന്ന സാഹചര്യത്തിൽ) നിലവിലെ ടിക്കറ്റ് നിരക്കിൽ ആകർഷകമായ അധിക സർവ്വീസുകളും സംഘം ചേർന്ന് വിദൂര സ്ഥലങ്ങളിലേയ്ക്ക് ഗ്രൂപ്പ് ടിക്കറ്റ് ബുക്ക് ചെയ്യുന്നവർക്കായി പ്രത്യേക സർവ്വീസുകളും ആവശ്യാനുസരണം അയച്ച് വരുന്നുണ്ട്. ഈ പദ്ധതികൾ വിപുലീകരിച്ച് ടിക്കറ്റിതര വരുമാനം ലഭ്യമാക്കുന്നതിനാണ് പദ്ധതിയിട്ടിട്ടുള്ളത്. ഇത് വിപുലീകരിക്കുന്നതിനായി കോർപ്പറേഷനിൽ പ്രത്യേകം കൊമേഴ്സ്യൽ / മാർക്കറ്റിംഗ് വിഭാഗം രൂപീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും, ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും, ബസ് സ്റ്റേഷൻ പരസ്യം, ബസിലെ പരസ്യം, മൊബൈൽ ടവർ മുതലായവയിലൂടേയും ടിക്കറ്റിതര വരുമാനം ലഭിച്ച് വരുന്നു. കൂടാതെ കൊറിയർ / പാഴ്സൽ സർവ്വീസുകൾ, എ.ടി.എം. എന്നിവയ്ക്കായി ലേലം / ടെണ്ടർ നടപടികൾ സ്വീകരിച്ച് വരുന്നു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ

| | | | | |
|---|---|---|---|---|
| | | | | ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവ് വന്നുവെങ്കിലും നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ വരുമാന സ്രോതസുകൾ കണ്ടെത്തി ഫലപ്രദമായ രീതിയിൽ മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംങ് വിങ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യിൽ നിലവിലുള്ള കൺസ്യൂമർ പമ്പുകളിൽ പൊതുജനങ്ങൾക്ക് ഇന്ധനം വിൽക്കുന്നതിനായി റീട്ടെയിൽ ഔട്ട് ലെറ്റുകൾ തുറക്കുന്നത് വഴി ടിക്കറ്റേതര വരുമാനം ലഭിക്കുന്നതാണ്. ഇതിനോടനുബന്ധമായി, ഓയിൽ, എൽ.പി.ജി. സിലിണ്ടർ എന്നിവയും വിൽപ്പനയ്ക്ക് നൽകുന്നതും വഴിയും ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നത് വഴിയും പൊതുജനങ്ങളെ പമ്പിലേയ്ക്ക് ആകർഷിയ്ക്കുവാൻ കഴിയുന്നതാണ്. കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി കെ.എസ്.ആർ.ടി.സി.യുടെ തിരഞ്ഞെടുത്ത ബസ് സ്റ്റേഷനുകളിൽ വാണിജ്യ പ്രാധാന്യമുള്ള ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ചു വരുന്നുണ്ട്. അപ്രകാരം കൊട്ടാരക്കര, കാട്ടാക്കട, കാസർഗോഡ്, നെടുമങ്ങാട്, നെയ്യാറ്റിൻകര, പയ്യന്നൂർ എന്നീ ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചു കഴിഞ്ഞു. ഇപ്പോൾ തൊടുപുഴ, മൂവാറ്റുപുഴ, പത്തനംതിട്ട, മലപ്പുറം, ഹരിപ്പാട് എന്നീ ബസ് സ്റ്റേഷനുകളിലും ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. ആലപ്പുഴ മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നു. പുതുക്കാട് മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണത്തിന് വേണ്ടിയുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എറണാകുളം, കൊല്ലം, കായംകുളം, തൃശ്ശൂർ, ഗുരുവായൂർ വിഴിഞ്ഞം എന്നീ ബസ് സ്റ്റേഷനുകളിൽ ആധുനിക രീതിയിലുള്ള വാണിജ്യ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ദേവികുളത്ത് ഒരു Holiday Home Project ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ